# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 607 29.06.2011-ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര മണ്ഡലത്തിലെ കുഴൽക്കിണർ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ് : | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

| | |
|---|---|
| എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം എത്ര കുഴൽകിണറുകൾ കുഴിച്ച് ഗ്രാമീണമേഖലയിൽ കുടിവെള്ളം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ; | എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 3 കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അവ ചീരക്കുഴി-കാരോട് പഞ്ചായത്തിലും ഓലത്താന്നി- നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും, മേലെവിള-വടൂർകോണം -കാരോട് പഞ്ചായത്തിലും ആണ്. |
| ബി) കിണർ കുഴിച്ചശേഷം പണി പൂർത്തീകരിക്കാതെ മുടങ്ങി കിടക്കുന്ന എത്ര പദ്ധതികളാണ് നെയ്യാറ്റിൻകര മണ്ഡലത്തിൽ അവശേഷിക്കുന്നത്; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) കിണർ കുഴിച്ച ശേഷം പണി പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്നത് 2 എണ്ണമാണ്.<br>അവ വടൂർകോണം - പുല്ലുവിള കോളനി, കരുവാരം-പുതുവൽ-കാരോട് പഞ്ചായത്ത് എന്നീ പദ്ധതികളാണ്. |
| സി) കാരോട് പഞ്ചായത്തിലെ വടൂർക്കോണം വാർഡിൽപ്പെട്ട പുല്ലുവിള കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കുഴൽകിണറിന്റെ പണിയെന്നാണ് ആരംഭിച്ചത്; ഇത് പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | സി) കാരോട് പഞ്ചായത്തിലെ വടൂർകോണം വാർഡിൽപ്പെട്ട പുല്ലുവിള കോളനിയിൽ രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 2009-2010 സാമ്പത്തിക വർഷം അവസാനമാണ് കുഴൽക്കിണർ നിർമ്മിച്ചത്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിലെ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. |

സെക്ഷൻ ഓഫീസർ